DESPATCHED
On. 16/3/22

11/3/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1005*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **5887**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ.കരീം,
S/o ബഷീർ,
ആല്ല്യാമക്കാനകത്ത് വീട്,
പൊന്നാനി സൗത്ത് പി.ഒ.,
പോലീസ് സ്റ്റേഷനു സമീപം,
മലപ്പുറം ജില്ല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പോർട്ട് ഓഫീസ്,
പൊന്നാനി.

2. അപ്പീൽ അധികാരി&
പോർട്ട് ഓഫീസർ,
തുറമുഖ ഓഫീസറുടെ കാര്യാലയം,
കോഴിക്കോട്, ബേപ്പൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.10.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.12.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി<br>കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10.04.2014<br>21.04.2014 |
| ഹിയറിംഗ് നടന്ന തീയതി | 10.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ.കരീം, 10.04.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 21.05.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1005(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 23.10.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 10.10.2013ന് പോർട്ട് കൺസർവേറ്ററുടെ കാര്യാലയത്തിൽ മണൽ ലേലം നടത്തിയിരുന്നുവെന്നും ടി ലേലത്തിൽ പങ്കെടുത്തവർ പോർട്ട് കൺസർവേറ്റർ മുമ്പാകെ ടെണ്ടറുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പുകൾ നൽകണമെന്നും

2) 10.10.2013ൽ നടത്തിയ ടെണ്ടറിനെപ്പറ്റി ഏതെങ്കിലും മാധ്യമങ്ങളിൽ പരസ്യം ചെയ്തിരുന്നോയെന്നും

3) പരസ്യം ചെയ്തിരുന്നുവെങ്കിൽ പരസ്യം ചെയ്ത മാധ്യമങ്ങളുടെ പകർപ്പു കൾ നൽകണമെന്നും

4) 10.10.2013ന് പോർട്ട് കൺസർവേറ്ററുടെ കാര്യാലയത്തിൽ നടന്ന മണൽ, ടെണ്ടർ ഇതിനു മുമ്പും നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ മുമ്പ് നടത്തിയ ടെണ്ടറിൽ പങ്കെടുത്തവർ സമർപ്പിച്ച ടെണ്ടർ രേഖകളുടെ മുഴുവൻ പകർപ്പുകളും നൽകണമെന്നും 10.10.2013ന് നടന്ന മണൽ ടെണ്ടർ മുമ്പ് നടത്തിയിട്ടുണ്ടെങ്കിൽ ടി ടെണ്ടർ ഏതെങ്കിലും മാധ്യമങ്ങളിൽ പരസ്യം ചെയ്ത മാധ്യമങ്ങളുടെ പകർപ്പു കൾ നൽകണമെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 06.11.2013നു നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 13883 കോപ്പികൾ ഉള്ളതാണെന്നും ആയ തിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിന് ഒരു കോപ്പിക്ക് 2 രൂപ നിരക്കിൽ അടയ്ക്കേണ്ടതുണ്ടെന്നും എന്നാൽ നിലവിൽ ഇത്രയും കോപ്പികൾ

എടുക്കുന്നതിന് ടി ഓഫീസിൽ സംവിധാനം ഇല്ലാത്തതിനാൽ ഓഫീസ് സ്റ്റാഫിന്റെ സാന്നിദ്ധ്യത്തിൽ ടിയാന് പുറത്തുനിന്നും എടുക്കാമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.12.2013നു നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ പോർട്ട് കൺസർവേറ്റർ പൊന്നാനിക്ക് സമർപ്പിച്ച അപേക്ഷയിൽ വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലെന്ന ഹർജിക്കാരന്റെ അപ്പീൽ പരിശോധിച്ചുവെന്നും എസ്.പി.ഐ.ഒ., പൊന്നാനി തുറമുഖം 06.11.2013നു ടിയാന് നൽകിയ മറുപടിയിൽ പരാമർശിക്കുന്നതു പ്രകാരം രേഖകളുടെ പകർപ്പുകൾ ലഭിക്കണമെന്നുണ്ടെങ്കിൽ എസ്.പി.ഐ.ഒ., പൊന്നാനി തുറമുഖത്തിന്റെ നിർദ്ദേശം അംഗീകരിക്കേണ്ടതാണെന്നും ടിയാൻ ആവശ്യപ്പെട്ട മറ്റുവിവരങ്ങൾ നൽകുന്നതിന് പൊന്നാനി തുറമുഖ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിയ്ക്കകം മറുപടി ലഭിച്ചില്ലെന്നും എസ്.പി.ഐ.ഒ.യുടെ 06.11.2013ലെ കത്തിലെ തീയതിയും ടി നമ്പറിൽ അപ്പീൽ അധികാരിയ്ക്ക് നൽകിയിട്ടുള്ള തീയതിയും കമ്മീഷൻ പരിശോധിക്കണമെന്നുമാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും 09.02.2022ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ അംഗീകരിക്കുകയും മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 11-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Gc/